LIBRARY ARCHIVES Kerala Legislative Assembly

അൺ എയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും അംഗീകാരം

88 [640] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അൺ എയ്ഡഡ് സ്കൂളുകൾക്കോ കോളേജുകൾക്കോ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകൾ

99 [641] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗവൺമെന്റ് ഹൈസ്കൂൾ, യു. പി., എൽ. പി. സ്കൂളുകളിലായി എത്ര അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്തെ ഗവൺമെന്റ് ഹൈസ്കൂൾ, യു.പി., എൽ. പി. സ്കൂളുകളിലെ അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള ഒഴിവുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഹൈസ്കൂളുകളിലെ കമ്പ്യൂട്ടർ അദ്ധ്യാപകരുടെ നിയമനം

90 [642] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും കമ്പ്യൂട്ടർലാബ് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഇവിടെ കമ്പ്യൂട്ടർ അദ്ധ്യാപകരെ ഏത് രീതിയിലാണ് നിയമിച്ചിരിക്കുന്നത്;

(സി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത എന്തായിരിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്;

(ഡി) ഹൈസ്കൂളിലെ കമ്പ്യൂട്ടർ അദ്ധ്യാപകരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമിക്കുവാൻ നിർദ്ദേശം നൽകുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.